ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവമ്മെണ്ടു് അതേസംബന്ധിച്ചു നടപടി എടുത്തിട്ടില്ല. പക്ഷെ ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും അമിതാദായമെടുത്തിട്ടുള്ളവരുടേയും ഹോർഡേഴ്സിന്റേയും പേരിൽ നടപടി നടത്തുന്നതിലേക്കു് ഒരു നിയമം നടപ്പാക്കിയിട്ടുണ്ടു്. ആ നിയമമനുസരിച്ചു് പ്രവർത്തിക്കുന്നതിനു് ഈ ഗവമ്മെണ്ടിനധികാരം നൽകുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് അമിതായം എടുക്കുന്നവരുടേയും കരിഞ്ചന്തക്കച്ചവടം നടത്തുന്നവരുടേയും പേരിൽ ഈ ഗവമ്മെണ്ടു നടപടികൾ എടുത്തിട്ടുണ്ടു്. പല നഗരങ്ങളിലും അമിതാദായം എടുക്കുന്നവരുടെ പേരിൽ നടപടി എടുത്തുവരുന്നുണ്ടു്. അടുത്ത കുറേനാൾ കാലങ്ങളായി സാധനങ്ങളുടെ വില കുറഞ്ഞിട്ടുള്ളതായി ഗവമ്മെണ്ടറിഞ്ഞിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: മല്ലികേം മറേം വില കുറഞ്ഞിട്ടുണ്ടെന്നാണോ ഗവമ്മെണ്ടു പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സാധനങ്ങൾക്കു വില കുറഞ്ഞിട്ടുണ്ടു്.

MANUFACTURE OF SACRAMENTAL WINE

***1023.** [16] **Sri. Eapen Arakal:** Will the Hon'ble Minister for Excise be pleased to state whether any person other than a Bishop is eligible to apply for the issue of license for the manufacture of sacramental wine?

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):** No. (vide Rules 4 and 5 of the Travancore-Cochin Sacramental Wine Rules, 1950).

Sri. Eapen Arakal: Will the Government be pleased to state whether there is any rule that persons other than Bishops may apply for the exemption?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ഇരിക്കുന്ന രൂളിൽ അതിനു വ്യവസ്ഥയില്ല. അതിന്റെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

Sri. Eapen Arakal: May I know whether the Bishops can engage as agents other people?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനുത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

CONDUCTORS AND DRIVERS

***1024.** [17] **Sri. Eapen Arakal:** Will the Hon'ble Minister for Public Works and Communications be pleased to state whether the salaries, allowances and such other remuneration to conductors and drivers in the Transport Department are given with reference to the number of trips they make per day?

Chief Minister **(Sri. T. K. Narayana Pillai):** No.

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിലെ ലാഭം

*൧൦൨൪. (൧൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ കഴിഞ്ഞ ആറുമാസക്കാലത്തു ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ നിന്നു ആകെ എത്ര സംഖ്യ ലാഭം കിട്ടിയിട്ടുണ്ടു്;

(ബി) ഈ ആറുമാസക്കാലത്തിനുള്ളിൽ ഈ ഡിപ്പാർട്ട്മെന്റിലെ കണക്കുകൾ ഓഡിറ്റു ചെയ്തുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly